## പതിമൂന്നാം കേരള നിയമസഭ.

## ഒൻപതാം സമ്മേളനം.

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2244 — 18/06/2013 ൽ മറുപടിയ്ക്ക്

## ക്വാറികളും ക്രഷർ യൂണിറ്റുകളും

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.പി.ഉബൈദുള്ള | | ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി) |
| (എ) | സംസ്ഥാനത്ത് ക്രഷർ യൂണിറ്റുകളും ക്വാറികളും ജീവനും സ്വത്തിനും ഭീഷണിയായി പ്രവർത്തിച്ചുവരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടു ണ്ടോ; | (എ) | ഉണ്ട്. |
| (ബി) | എങ്കിൽ അവ നിർത്തലാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കുമോ; | (ബി) | ജീവനും സ്വത്തിനും ഭീഷണിയായി പ്രവർത്തിയ്ക്കുന്ന ക്വാറികൾ നിർത്തലാക്കാൻ നടപടി സ്വീകരിക്കുന്നുണ്ട്. ക്രഷർ യൂണിറ്റുകൾക്ക് അനുമതി നൽകുന്നത് ബന്ധപ്പെട്ട തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളാണ്. പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ 'കൺസെന്റ് റ്റു ഓപ്പറേറ്റ്' എന്ന അനുമതിയും ക്രഷർ യൂണിറ്റുകൾ പ്രവർത്തിപ്പിക്കാൻ ആവശ്യമാണ്. ചട്ടങ്ങൾ ലംഘിച്ച് പ്രവർത്തിക്കുന്ന ക്രഷർ യൂണിറ്റുകൾക്കെതിരെ നടപടി സ്വീകരിച്ചു വരുന്നു. |
| (സി) | പാറ, ചെങ്കല്ല്, കളിമണ്ണ്, കരിമണ്ണ് എന്നിവയുടെ ഖനനത്തിന് സുപ്രീം കോടതി വിധി പ്രകാരം സംസ്ഥാനം പ്രത്യേക മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടു ണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (സി) | സുപ്രീംകോടതിവിധിയുടെ നിർദ്ദേശങ്ങൾക്കനുസൃതമായി 1967 ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങളിൽ സമഗ്ര ഭേദഗതികൾ വരുത്തുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. |
| (ഡി) | ഖനനം മൂലമുള്ള പാരിസ്ഥിതിക പ്രശ്നങ്ങൾ ലഘൂകരിക്കാൻ ദീർഘകാല പദ്ധതികൾ ആവിഷ്ക്കരിക്കുമോ? | (ഡി) | 1967 ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങളിൽ, സുപ്രീം കോടതിയുടെ നിർദ്ദേശങ്ങളും കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റേയും കേന്ദ്ര ഖനി വകുപ്പിന്റേയും മാർഗ്ഗ നിർദ്ദേശങ്ങളും അനുസരിച്ച്, ഖനനം മൂലമുള്ള പ്രശ്നങ്ങൾ പരമാവധി ലഘൂകരിക്കുന്നതിനാവശ്യമായ സമഗ്ര ഭേദഗതികൾ വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ